പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1124 — 12/03/2015-ൽ മറുപടിക്ക്

**പഠനവൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിനുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. കെ.എസ്. സലീഖ | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പഠനവൈകല്യമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് എന്തെല്ലാം ഇളവുകളും ആനുകൂല്യങ്ങളുമാണ് നിലവിൽ നൽകി വരുന്നത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | പഠനവൈകല്യമുള്ള കുട്ടികൾക്ക് അധികസമയം, വ്യാഖ്യാതാവിന്റെ സേവനം. കണക്കു വിഷയം, മലയാളം അല്ലെങ്കിൽ ഇംഗ്ലീഷ് കൂടാതെ ഹിന്ദിയും ഒഴിവാക്കി വൊക്കേഷണൽ വിഷയം എടുക്കുന്നതിനുള്ള അനുവാദം, ഡിസ്ഗ്രാഫിയ വിഭാഗത്തിൽപ്പെടുന്നവർക്ക് സ്ക്രൈബിന്റെ സേവനം എന്നിവ പഠനവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷയുടേയും സൈക്യാട്രിസ്റ്റ്, സൈക്കോളജിസ്റ്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റുകളുടേയും അടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്. |
| (ബി) | ഈ വിഭാഗം വിദ്യാർത്ഥികൾക്ക് എപ്രകാരമുള്ള കേട്ടെഴുത്തുകാരെയാണ് നിലവിൽ നിയോഗിക്കുന്നത് എന്ന് അറിയിക്കാമോ; | (ബി) | പഠനവൈകല്യങ്ങളിൽ ഡിസ്ഗ്രാഫിയ വിഭാഗത്തിൽപ്പെടുന്നവർക്ക് സ്ക്രൈബിന്റെ സേവനം അനുവദിക്കുന്നുണ്ട്. സ്ക്രൈബായി നിയമിക്കപ്പെടുന്ന ആൾക്ക് പരീക്ഷാർത്ഥിയെക്കാൾ കൂടുതൽ യോഗ്യത ഉണ്ടായിരിക്കാൻ പാടുള്ളതല്ല. |
| (സി) | ഇപ്രകാരമുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട സഹായങ്ങൾ ചെയ്യുന്നതിനും എസ്.എസ്.എൽ.സി. പരീക്ഷയ്ക്കുമുമ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വിശദീകരിക്കാമോ; | (സി) | സ്കൂൾ തലത്തിൽ സ്ക്രീനിംഗ് നടത്തി പഠനവൈകല്യമുണ്ടെന്ന് കണ്ടെത്തുന്ന വിദ്യാർത്ഥികളെ സൈക്കോളജിസ്റ്റ്, ഗവൺമെന്റ് സൈക്യാട്രിസ്റ്റ് എന്നിവരുടെ പരിശോധനയ്ക്കുശേഷം നല്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | ഗൾഫ് മേഖലയിൽ ഉൾപ്പെടെ 2013-14 അധ്യയനവർഷം എത്ര കുട്ടികൾ ഇത്തരത്തിൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതി, 2014-15 അധ്യയന വർഷത്തിൽ ഇത്തരത്തിലുള്ള എത്ര കുട്ടികൾ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നു എന്നീ വിവരങ്ങൾ അറിയിക്കാമോ; | (ഡി) | 2013-14 അധ്യയനവർഷം 3517 പഠന വൈകല്യമുള്ള കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. 2014-15 വർഷം 5371 പേർക്കാണ് ഈ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്. |
| (ഇ) | ബുദ്ധിമാന്ദ്യമുള്ളവരെ ചൂഷണം ചെയ്ത് മറ്റുള്ളവർ കൃത്രിമ മാർഗ്ഗങ്ങളിലൂടെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുകയും ബുദ്ധിമാന്ദ്യമുള്ളവർക്ക് അത് നിഷേധിക്കപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ നിലവിലുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഇ) | ബുദ്ധിമാന്ദ്യം ഉള്ള കുട്ടികൾക്ക് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

Sreedevi

**സെക്ഷൻ ഓഫീസർ**